**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5184 28.10.2016 ൽ മറുപടിയ്ക്ക്**

**സ്വകാര്യബസപകടങ്ങൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രൈവറ്റ് ബസുകൾ നിരന്തരം അപകടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | ഉണ്ട്. 14.10.2016 മുതൽ 22.10.2016 വരെ ബസ്സുകളുടെ കുറ്റകൃത്യങ്ങൾക്ക് മാത്രം പ്രാധാന്യം നൽകി വാഹന പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകളും ബോധവൽക്കരണവും തുടർച്ചയായ പരിശോധനയും നടത്തി വരുന്നുണ്ട്. അപകടങ്ങൾ ഉണ്ടായാൽ ഗൗരവം കണക്കിലെടുത്ത് ലൈസൻസ് സസ്പെൻഷൻ/റദ്ദാക്കൽ, പെർമിറ്റ് റദ്ദാക്കൽ തുടങ്ങിയ ശിക്ഷാനടപടികളും കൈക്കൊള്ളുന്നുണ്ട്. |
| (ബി) | നിരന്തരം അപകടം ഉണ്ടാക്കുന്ന പ്രൈവറ്റ് ബസ്സുകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; ഇവർക്ക് മോട്ടോർ വാഹന വകുപ്പിൽ നിന്നും ഷോക്കോസ് നോട്ടീസ് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നുണ്ട്. |
| (സി) | നിരന്തരം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നിരന്തരം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കലുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ജനങ്ങൾ റോഡ് മുറിച്ചുകടക്കുന്ന സീബ്രാ ലൈനിൽ വാഹനങ്ങൾ കയറ്റി നിർത്തുന്നത് സംബന്ധിച്ച് എത്ര പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) | പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**